(ഡി) റെയിൽവേയുടെ സംരംഭമെന്ന നിലയിൽ പദ്ധതി ആരംഭിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ & ബി) റെയിൽ കോച്ച് ഫാക്ടറി പദ്ധതിക്കാവശ്യമായ 430.59 ഏക്കർ ഭൂമിയിൽ 429.27 ഏക്കർ ഭൂമി സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞു. ഫാക്ടറിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിക്കുന്ന മുറയ്ക്ക് സ്ഥലം കൈമാറുന്നതാണ്.

(സി) റെയിൽ കോച്ച് ഫാക്ടറി ഒരു പൊതുമേഖല സ്ഥാപനമായിരിക്കണമെന്നാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നതെന്നും ഭാവിയിൽ പദ്ധതി ഒരു ജോയിന്റ് വെഞ്ചറായി മാറ്റണമെന്ന സാഹചര്യം വരികയാണെങ്കിൽ സംസ്ഥാന സർക്കാർ സൗജന്യമായി നൽകുന്ന ഭൂമിയുടെ വില ഫാക്ടറിയിലുള്ള സംസ്ഥാന സർക്കാരിന്റെ ഓഹരിയായി കണക്കാക്കണമെന്ന നിബന്ധനയാണ് സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചത്. തുടർന്ന് ജോയിന്റ് വെഞ്ചറി-ലെ സ്വകാര്യ പങ്കാളിക്ക് ഭൂമി ഉപ-പാട്ടത്തിന് നൽകാനുള്ള സ്വാതന്ത്ര്യത്തോടുകൂടി പദ്ധതിക്കാവശ്യമായ ഭൂമി 90 കൊല്ലത്തെ ദീർഘകാല പാട്ടത്തിന് റെയിൽവേക്ക് സംസ്ഥാന സർക്കാർ നൽകണമെന്ന് റെയിൽവേ മന്ത്രാലയം സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ടി നിർദ്ദേശം പരിശോധിച്ച് യുക്തമായ തീരുമാനം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും പദ്ധതി അടിയന്തരമായി നടപ്പാക്കാനാവശ്യപ്പെടുകയും ചെയ്യുന്നതാണ്.

റെയിൽവേ വികസനം

277 (874) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. കെ. ടി. ജലീൽ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും, പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ എന്തെല്ലാം പദ്ധതികളാണ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുള്ളത് ;

(ബി) അടുത്ത ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളെ സംബന്ധിച്ച് കേരളത്തിൽ നിന്നുള്ള എം.പി.മാരുമായി സർക്കാർ ചർച്ച നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പുതിയ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(ഡി) മുൻ ബഡ്ജറ്റുകളിൽ കേരളത്തിന് അനുവദിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly